**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1099 03.12.2015 -ലെ മറുപടിയ്ക്ക്

## ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ

ചോദ്യം
ശ്രീ. ശ്രീ. എം. എ. ബേബി
,, എ. പ്രദീപ്കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സാജു പോൾ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അക്കാദമിക് സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | സംസ്ഥാനത്ത് അക്കാദമിക് സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | ഇതിനായി ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ എന്ന പേരിൽ പ്രത്യേക വിദ്യാഭ്യാസ മേഖല ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) (സി) (ഡി) (ഇ) (& (എഫ്) | മികവുറ്റ ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖല (International Higher Academic Zones) ഇത് ഒരു പബ്ലിക്ക് - പ്രൈവറ്റ് പാർട്ട്നർഷിപ്പിലുള്ളതാണ്. വിദേശ സർവ്വകലാശാലകളുമായി ചേർന്ന് മൂല്യാധിഷ്ഠിതവും, ഭാവിയ്ക്ക് പ്രയോജനകരവുമായ കോഴ്സുകളിലൂടെ അന്തർദേശീയ നിലവാരം ഉള്ള ഉന്നത വിദ്യാഭ്യാസം, സംസ്ഥാനത്ത് ലഭ്യമാക്കി കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആയി ഉയർത്തുകയാണ് ലക്ഷ്യം അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖല സ്ഥാപിക്കുന്നതിനായുള്ള സമീപനരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലകളുടെ മേൽ നോട്ടം, ഉന്നതവിദ്യാഭ്യാസ വകുപ്പ്, യൂണിവേഴ്സിറ്റികൾ, ഉന്നതവിദ്യാഭ്യാസ കൗൺസിൽ , ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്രമാനവവിഭവ മന്ത്രാലയം, കേന്ദ്ര വിദേശ കാര്യ വകുപ്പ് എന്നിവയിലെ പ്രതിനിധികളും അന്താരാഷ്ട്ര പ്രശസ്തരായ വിദ്യാഭ്യാസ വിദഗ്ദരെയും ഉൾപ്പെടുത്തി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന അക്കാഡമിക് സിറ്റി അതോറിറ്റിക്കായിരിക്കും നൂതനവും, ഭാവിയിൽ ആവശ്യമായി വരുന്ന വിദ്യാഭ്യാസ |
| (സി) | ഇതു സംബന്ധിച്ചുള്ള സമീപനരേഖയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | | |
| (ഡി) | പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ; | | |
| (ഇ) | വിദേശ സർവ്വകലാശാലകൾക്ക് ഇവിടെ കോഴ്സുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നുണ്ടോ ; | | |
| (എഫ്) | പ്രസ്തുത കോഴ്സുകൾ | | |

| | | | |
|---|---|---|---|
| | പൂർണ്ണമായും സ്വകാര്യ സ്വാശ്രയ മേഖലയിൽ നടത്താനാണോ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ; | | ആവശ്യങ്ങളും കണക്കാക്കി , അന്താരാഷ്ട്ര മാനദണ്ഡത്തിനും, ഗ്രേഡിംഗിനും വിധേയമായ കോഴ്സുകൾ, ആവശ്യക്കാർക്ക് ലഭ്യമാക്കുകയാണ് IHAZ ലൂടെ നടപ്പാക്കുന്നത്. ഇതിനായി അന്താരാഷ്ട്ര തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന സർവ്വകലാശാലകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ള ഉന്നതവിദ്യാഭ്യാസ പ്രൊമോട്ടർമാർ, വിദ്യാഭ്യാസ ട്രസ്റ്റുകൾ, സൊസൈറ്റികൾ എന്നിവരിൽ നിന്നും താല്പര്യപത്രം മുഖേന അപേക്ഷ ക്ഷണിച്ച് പരിശോധനകൾക്ക് വിധേയമായി ഒരു പാനൽ തയ്യാറാക്കുകയാണ് ആദ്യപടി. ഇപ്രകാരമുള്ള വിദ്യാഭ്യാസ ഏജൻസികൾ, ഇന്ത്യയ്ക്ക് അകത്തോ, പുറത്തോ, 5 വർഷത്തിൽ കൂടുതലായി മാസ്റ്റേഴ്സ് കോഴ്സുകൾ നടത്തി പരിചയവും , റോഡ്,റയിൽ,വ്യോമ ഗതാഗത സൗകര്യം ലഭ്യമായിട്ടുള്ള പ്രദേശങ്ങളിൽ 20 ഏക്കറിൽ കുറയാത്ത ഭൂമിയുള്ളവരും, അടുത്ത 10 വർഷത്തിനുള്ളിൽ അന്യാധീനപ്പെടാൻ സാധ്യതയില്ലാത്ത ഭൂമിയുടെ അവകാശമുള്ളവരും, ഏതെങ്കിലും വിദേശ സർവ്വകലാശാലയുമായി കോഴ്സുകൾ നടത്തുന്നതിനും ഫാക്കൽറ്റികളെ വിനിയോഗിക്കുന്നതിനും അനുമതിയോടുകൂടിയുള്ള ധാരണാപത്രം ഉള്ളവരായിരിക്കണം. മതിയായ തോതിൽ അന്താരാഷ്ട്ര തലത്തിൽ കോഴ്സുകൾ നടത്തുന്നതിന് അനുയോജ്യമായ അടിസ്ഥാനസൗകര്യങ്ങളും, ഹോസ്റ്റലുകൾ, ലാബുകൾ, ലൈബ്രറികൾ ഉള്ളവരായിരിക്കണം.<br><br>അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയിൽ 2 വർഷത്തിൽ കുറയാത്ത നാലു, മാസ്റ്റേഴ്സ് ഡിഗ്രികോഴ്സുകൾ, അന്താരാഷ്ട്ര തലത്തിലുള്ളവയും അക്കാഡമിക് സിറ്റി അതോറിറ്റി നിശ്ചയിക്കുന്ന മാനദണ്ഡം പാലിക്കുന്ന തദ്ദേശീയ കോഴ്സുകളും നടത്തേണ്ടതുണ്ട്. ഇതു പ്രകാരമുള്ള കോഴ്സുകൾക്ക് , ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിക്ക് ഫീസ് ചുമത്താവുന്നതും, അതിൽ 25% സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ ഫണ്ടിലേക്ക് ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയ്ക്ക് സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസ്സിംഗ് |

| | | | |
|---|---|---|---|
| | | | സോണുകൾക്ക് നൽകുന്ന ഉളവുകൾക്കു പുറമേ, ഗതാഗതം, വെള്ളം, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. <br><br> വിദേശ സർവ്വകലാശാലകൾക്ക് കോഴ്സുകൾ നേരിട്ട് തുടങ്ങുന്നതിന് നിലവിൽ നിയമമില്ല. എന്നാൽ യോജിച്ച് കോഴ്സുകൾ തുടങ്ങുന്നതിനും (Twining) ക്രഡിറ്റ് ട്രാൻസ്ഫർ ചെയ്യുന്നതിനും, നിലവിൽ വ്യവസ്ഥയുണ്ട്. |
| (ജി) | പ്രത്യേക വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; പാവപ്പെട്ടവർക്ക് അപ്രാപ്യമാകുന്ന ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാനത്തെ വിദ്യാഭ്യാസ മികവിനെ എങ്ങിനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ജി) | അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയ്ക്ക് ഇപ്പോൾ പ്രത്യേക എക്സ്പോർട്ട് പ്രോസസിംഗ് മേഖലയിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾക്കു പുറമേ, മേഖലയിലേക്കുള്ള ഗതാഗതസൗകര്യങ്ങൾ, വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കും. ഏക ജാലക സംവിധാനത്തിലൂടെ അനുമതികൾ, ലഭ്യമാക്കും. അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയിൽ നടത്തുന്ന കോഴ്സുകളിൽ ട്വിന്നിംഗ് (Twinning Programmes) പ്രോഗ്രാമിലൂടെ തദ്ദേശിയമായ സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നവയുടെ വിദ്യാഭ്യാസ മികവ്, അന്താരാഷ്ട്ര തലത്തിലേക്ക് ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. തദ്ദേശീയരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിലൂടെ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ